ഐസി5-2742/2024

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി: 29.10.2024

## നോട്ടീസ്

വിഷയം- ജലസേചനം-ജീവനക്കാര്യം- ലാസ്റ്റ് ഗ്രേഡ്/ സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിനായി പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് – സംബന്ധിച്ച്

സൂചന:-(1) സ.ഉ.(പി) നം.1/2014/ഉഭപവ തീയതി 03.01.2014
(2) ഈ കാര്യാലയത്തിലെ 30.05.2024 തീയതിയിലെ ഐസി5-9982/2023 നമ്പർ ഉത്തരവ്
(3) 16.08.2024 തീയതിയിലെ ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഇ4-3068/2024 നമ്പർ കത്ത്

മേൽ സൂചന 2 പ്രകാരം പ്രസിദ്ധീകരിച്ച ലാസ്റ്റ് ഗ്രേഡ്/സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ അംഗബലത്തിന്റെ 10 ശതമാനത്തിൽ തസ്തികമാറ്റ നിയമനം നൽകുന്നതിനായി പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് സൂചന 3 പ്രകാരം ശ്രീ.നന്ദകുമാർ.പി, ലസ്കർ(പെൻ:710678) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും 'ടി' യാൾക്ക് സൂചന 1 ഉത്തരവ് പ്രകാരമുള്ള യോഗ്യതകൾ ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

05.07.2013 തീയതിയിലെ പാലക്കാട്, ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസറുടെ PII(I)1274/10/11 നം. നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ 22.07.2013 തീയതിയിലെ ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ E3-333/2013 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.നന്ദകുമാർ.പി, 25.07.2013 പൂർവ്വാഹ്നത്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ, സേവനത്തിൽ പ്രവേശിച്ചു. ആയതിനാൽ 'ടി' യാളുടെ നിയമന ശുപാർശ തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി നൽകി സൂചന(2) മുൻഗണനാ പട്ടികയിൽ ക്രമ നം. 26 ആയ ശ്രീവിദ്യ.വി.എസ് (പെൻ.384759)നും ക്രമ നം. 27 ആയ സന്ദീപ്.എസ്

(പെൻ.733059) നം. മദ്ധ്യേ ക്രമ നം. 26A ആയി 'ടി'യാളെ ഉൾപ്പെടുത്തി പട്ടിക പുന:ക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതിൻമേൽ പരാതിയോ, ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. 'ടി' തീയതിയ്ക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലായെങ്കിൽ ശ്രീ.നന്ദകുമാർ.പി, ലസ്കറിനെ പ്രസ്തുത മുൻഗണനാ പട്ടികയിൽ ക്രമ നം.26A ആയി ഉൾപ്പെടുത്തുന്നതാണ്.

ചീഫ് എഞ്ചിനീയർക്കുവേണ്ടി
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്

1. ശ്രീ.നന്ദകുമാർ.എ, ലസ്കർ
   (ഓഫീസ് മേലധികാരി മുഖേന)
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ
   ശിരുവാണി പ്രോജക്ട് സർക്കിൾ,
   പാലക്കാട്
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
   ഇറിഗേഷൻ സബ്ഡിവിഷൻ നം. III
   ചിറ്റൂർ-678104
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
   ഐ.ടി സെൽ, ഇറിഗേഷൻ(നോട്ടീസ്
   വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ/അധികം